(സി) ഇന്ത്യയിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ ഇപ്പോൾ പ്രസ്തുത മ്യൂസിയം പ്രവർത്തിക്കുന്നുണ്ടെന്നറിയുമോ;

(ഡി) നിർദ്ദിഷ്ഠ തിരുവനന്തപുരം മ്യൂസിയത്തിന്റെ സംഘാടക ചുമതല പ്രധാനപ്പെട്ട ഒരു ഉദ്യോഗസ്ഥനെ ഏൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുമോ;

(ഇ) തിരുവിതാംകൂർ, കൊച്ചി, മലബാർ മേഖലകളിൽ സ്വാതന്ത്ര്യസമര പ്രക്ഷോഭവുമായി ബന്ധപ്പെട്ട രക്തസാക്ഷിത്വം വരിച്ച ദേശാഭിമാനികളുടെ ജീവചരിത്രം, ചിത്രങ്ങൾ, ഇതര രേഖകൾ എന്നിവ മ്യൂസിയത്തിൽ ശേഖരിക്കാൻ നിർദ്ദേശിക്കുമോ;

(എഫ്) ദേശീയ സ്വാതന്ത്ര്യ പ്രക്ഷോഭവുമായി ബന്ധപ്പെട്ട് വധശിക്ഷയ്ക്കും ജീവപര്യന്തം തടവിനും വിധിക്കപ്പെട്ടവരുടെ കേസു സംബന്ധിച്ച രേഖകളും ജീവിത ദർശനങ്ങളും റഫറൻസിനായി ഈ മ്യൂസിയത്തിൽ ഉൾപ്പെടുത്തുമോ;

(ജി) പ്രസ്തുത മ്യൂസിയത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സ്വാതന്ത്ര്യ സമര സേനാനികൾ, ചരിത്രകാരന്മാർ, ആർക്കിടെക്ടുകൾ എന്നിവരടങ്ങിയ ഒരു ഉന്നതതല സമിതിക്ക് രൂപം നൽകുമോ?

ഉത്തരം

(എ ആന്റ് ബി) സ്വാതന്ത്ര്യസമര ചരിത്ര മ്യൂസിയം സ്ഥാപിക്കുന്നതു സംബന്ധിച്ച് പുരാരേഖാ വകുപ്പുമായി സഹകരിച്ച് ഒരു പ്രോജക്ട് എസ്റ്റിമേറ്റ് പുരാവസ്തു ഡയറക്ടർ തയ്യാറാക്കി വരുന്നു.

(സി) വിശദാംശങ്ങൾ ലഭ്യമല്ല.

(ഡി) മ്യൂസിയം സ്ഥാപിക്കുമ്പോൾ ഇക്കാര്യം പരിഗണിക്കുന്നതാണ്.

(ഇ) സ്വാതന്ത്ര്യസമര സംഭവങ്ങൾ ഉൾക്കൊള്ളുന്ന മൂവായിരത്തോളം ചരിത്രരേഖകൾ, പുരാരേഖാ വകുപ്പിൽ ശാസ്ത്രീയമായി സംരക്ഷിച്ചുവരുന്നു. ഇവ ഇക്കാര്യത്തിനായി ഉപയോഗിക്കാവുന്നതാണ്.

(എഫ്) ഉൾപ്പെടുത്തുന്നതാണ്.

(ജി) പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തെ മദ്യത്തിനു വേണ്ടിയുള്ള പ്രതിശീർഷ ചെലവ്

186 [1940] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

„ പി. ടി. തോമസ് :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-04 കാലഘട്ടത്തിൽ ഇൻഡ്യൻ നിർമ്മിത വിദേശമദ്യം ഉല്പാദിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ പ്രതിശീർഷ ചെലവ് എത്രയാണ്:

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2003-04-ൽ എന്തു വിലക്കുള്ള കള്ളും ബിയറും സംസ്ഥാനത്ത് വിറ്റഴിക്കപ്പെട്ടു;

(സി) ഈ കാലയളവിൽ സംസ്ഥാനത്ത് വിറ്റഴിക്കപ്പെട്ട ബിയറിന്റെയും കള്ളിന്റെയും വില ഒന്നിച്ചെടുക്കുമ്പോൾ സംസ്ഥാനത്ത് മദ്യത്തിനുവേണ്ടിയുള്ള പ്രതിശീർഷ ചെലവ് എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 90.50 രൂപ.

(ബി) 2003-04-ൽ സംസ്ഥാനത്ത് വിറ്റഴിക്കപ്പെട്ട കള്ളിന്റെയും ബിയറിന്റെയും വില ചുവടെ ചേർക്കുന്നു:

ബിയർ—160,30,00,000 രൂപ.

കള്ള്—828,69,86,015 രൂപ.

(സി) 310.63 രൂപ.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന് പരിപാടികൾ

187 [1945] ശ്രീ. ഷിബു ബേബി ജോൺ:

„ കെ. കെ. ഷാജു:

„ ഉമേഷ് ചള്ളിയിൽ:

„ ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയെന്ന് വിശദമാക്കുമോ;

(ബി) ഈ ഗവൺമെന്റ് പ്രസ്തുത വിഭാഗത്തിനായി വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ എന്തെല്ലാം പുതിയ പരിപാടികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവരുടെ ജീവിതനിലവാരം അടിസ്ഥാന സൗകര്യം എന്നിവ മെച്ചപ്പെടുത്തുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly